**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2740** **12-07-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വകുപ്പിലെ ഓഡിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഐ .സി .ബാലകൃഷ്ണൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി വകുപ്പിലെ ആഭ്യന്തര ഓഡിറ്റ് വിഭാഗം ഈ വർഷം എത്ര റിപ്പോർട്ടുകൾ സമർപ്പിച്ചു; അതിൽ ക്രമക്കേടുകൾ കണ്ടെത്തിയത് ഏതെല്ലാം റിപ്പോർട്ടുകളിലാണ്; | (എ) | പട്ടികജാതി വകുപ്പിലെ ആഭ്യന്തര ഓഡിറ്റ് വിഭാഗം ഈ വർഷം 5 റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്. അതിൽ, മലപ്പുറം ജില്ലയിലെ അരീക്കോട് ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിലെ 01/04/2016-31/03/2021 വരെയുള്ള കാലയളവിൽ ക്രമക്കേട് നടന്നതായി പരിശോധനാ റിപ്പോർട്ടിൽ കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത വകുപ്പിലെ ആഭ്യന്തര വിജിലൻസ് വിഭാഗം ഈ വർഷം എത്ര റിപ്പോർട്ടുകൾ സമർപ്പിച്ചു; അതിൽ ക്രമക്കേടുകൾ കണ്ടെത്തിയത് ഏതെല്ലാം റിപ്പോർട്ടുകളിലാണ്; | (ബി) | പട്ടികജാതി വകുപ്പിലെ ആഭ്യന്തര വിജിലൻസ് വിഭാഗം ഈ വർഷം 16 റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്. അതിൽ, ചുവടെപ്പറയുന്ന 3 റിപ്പോർട്ടുകളിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്.<br>1. ശ്രീ.ജയധർമ്മൻ മകൾ ആതിരയുടെ വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നതിൽ കാലതാമസം നേരിട്ടത് സംബന്ധിച്ച് സമർപ്പിച്ച പരാതിയിന്മേലുള്ള റിപ്പോർട്ട്.<br>2. കാര്യവട്ടം കാമ്പസിലെ **JRF** വിദ്യാർത്ഥികൾക്ക് ഫെലോഷിപ്പ് നൽകുന്നതിലെ കാലതാമസം സംബന്ധിച്ച് സമർപ്പിച്ച പരാതിയിന്മേലുള്ള റിപ്പോർട്ട്.<br>3. തിരുവനന്തപുരം ജില്ലയിൽ വകുപ്പിന് കീഴിലുള്ള ആറ്റിപ്ര ഐ.ടി.ഐ- യിൽ സ്ഥിതി ചെയ്യുന്ന സമൃദ്ധി കേന്ദ്രത്തിന്റെ ചാർജ്ജ് യഥാവിധി കൈമാറാതിരുന്നത് സംബന്ധിച്ച പരാതിയിന്മേലുള്ള റിപ്പോർട്ട്. |
| (സി) | പട്ടികജാതി വകുപ്പിന്റെ ഏതെല്ലാം ഓഫിസുകളിലെ ക്രമക്കേടുകളെക്കുറിച്ചാണ് എ.ജി. യുടെ ഓഡിറ്റ് റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | പട്ടികജാതി വികസന വകുപ്പിന്റെ **പദ്ധതികളുടെ നടപടിക്രമങ്ങളെ** സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങളാണ് അക്കൗണ്ടന്റ് ജനറലിന്റെ റിപ്പോർട്ടുകളിൽ രേഖപ്പെടുത്തിയിട്ടുള്ളത്. |
| (ഡി) | എം.ആർ.എസ് ഹോസ്റ്റലുകളിൽ ക്രമക്കേട് | (ഡി) | പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള |

| | | | |
|---|---|---|---|
| | നടന്നതായി എ.ജി. യുടെ ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടോ; ഏതെല്ലാം എം.ആർ.എസ് ഹോസ്റ്റലുകളിലെ അഴിമതിയാണ് ചൂണ്ടിക്കാട്ടിയിട്ടുള്ളത്; | | എം.ആർ.എസ് ഹോസ്റ്റലുകളിൽ അക്കൗണ്ടന്റ് ജനറൽ നടത്തിയ പരിശോധനാ റിപ്പോർട്ടുകളിൽ ക്രമക്കേടുകൾ ഒന്നും തന്നെ റിപ്പോർട്ട് ചെയ്തിട്ടില്ല. |
| (ഇ) | നിലമ്പൂർ പട്ടികവർഗ ഓഫീസിൽ എന്തൊക്കെ അഴിമതി നടന്നുവെന്നാണ് എ.ജി. യുടെ ഓഡിറ്റ് റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഇ) | എ.ജി. യുടെ ഓഡിറ്റ് റിപ്പോർട്ടിൽ അഴിമതി ഒന്നും തന്നെ റിപ്പോർട്ട് ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ